# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ഫെബ്രുവരി 20 വ്യാഴം**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 1

## ആരോഗ്യ ജാഗ്രത: വാർഡ് തല സമിതികൾ ശക്തിപ്പെടുത്തണം: മന്ത്രി എ.സി. മൊയ്തീൻ

പകർച്ചവ്യാധി പ്രതിരോധ, നിയന്ത്രണ പരിപാടികൾ താഴേ തട്ടിൽ എത്തണമെന്നും ഇതിനായി വാർഡ് തല ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ പറഞ്ഞു. പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ആരാഗ്യ വകുപ്പ് ആർദ്രം മിഷനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇതര സർക്കാർ വകുപ്പുകളുമായി ചേർന്ന് ഒരു വർഷം മുഴുവൻ നടപ്പിലാക്കുന്ന ആരോഗ്യജാഗ്രതാ പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം മുളങ്കുന്നത്തുകാവ് കിലയിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാനത്ത് മുഖ്യ ആരോഗ്യപ്രശ്നമായി മാറുന്നത് കൊതുകുജന്യരോഗങ്ങളും ജലജന്യരോഗങ്ങളുമാണെന്ന് മന്ത്രി പറഞ്ഞു. ഇതിനെതിരെ വർഷം മുഴുവൻ ജാഗ്രത പുലർത്തണം. കൊറോണ വൈറസ് ബാധ പോലുള്ള പുതിയ വെല്ലുവിളികളെ നേരിട്ട് വലിയ വിജയം വരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞു. കൊറോണ രോഗബാധയുടെ ആദ്യഘട്ടത്തിൽതന്നെ ഇടപെടാനും ബോധവത്കരണത്തിൽ ജനങ്ങളെ അണിനിരത്താനുമായി. പകർച്ചവ്യാധികളെ നേരിടാൻ ആരോഗ്യ ജാഗ്രതാ കലണ്ടറിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടത്തണം.

സംസ്ഥാനത്ത് ഭൂഭർഭജലം ഉൾപ്പെടെ കുടിവെള്ള സ്രോതസ്സുകൾ നേരിടുന്ന പ്രധാന വെല്ലുവിളി കക്കൂസ് മാലിന്യം ടാങ്കറുകളിൽ ശേഖരിച്ച് തള്ളുന്ന പ്രവണതയാണ്. ഇത്തരം ടാങ്കർ ലോറികൾ പ്രത്യേക രജിസ്ട്രർ ചെയ്യണം. ഇവയ്ക്ക് മാലിന്യ സംസ്കരണത്തിന് സംവിധാനം ഉണ്ടോയെന്ന് അറിയണം. തദ്ദേശ സ്ഥാപനങ്ങൾ കക്കൂസ് മാലിന്യ സംസ്കരണത്തിന് സ്ഥലം നൽകിയാൽ സംസ്ഥാന സർക്കാർ മാലിന്യ സംസ്കരണ ശാല സ്ഥാപിക്കുമെന്ന് മന്ത്രി അറിയിച്ചു. ഇതിന് പുറമെ അഞ്ച് കോടി രൂപ കൂടി നൽകും.

സ്കൂളുകളിലും ബസ്സ്റ്റാൻറുകളിലും ഉൾപ്പെടെ പൊതു കക്കൂസുകളിലെ ശുചീകരണം ഉറപ്പുവരുത്തണം. ഓടകൾ, കാനകൾ എന്നിവ ശുചിയാക്കണം. ഇതിനായി തൊഴിലുറപ്പ് തൊഴിലാളികളുടെ സേവനം ഒരു തവണ ഉപയോഗിക്കാനാവും. ഇത്തരം പ്രവൃത്തികൾ നടത്തുമ്പോൾ തൊഴിലാളികളുടെ ആരോഗ്യപരമായ സുരക്ഷിത്വം ഉറപ്പാക്കണം. ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്നയിടങ്ങളിൽ ആവശ്യമായ സൗകര്യങ്ങൾ ഉണ്ടോയെന്ന് ഉറപ്പുവരുത്താനുള്ള ബാധ്യത നമുക്കുണ്ട് മന്ത്രി എ സി മൊയ്തീൻ പറഞ്ഞു.

പാതയോരങ്ങളിൽ കച്ചവടം നടത്തുന്നവരെ വിളിച്ചുചേർത്ത് ഭക്ഷ്യഗുണനിലവാരം ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് ബോധ്യപ്പെടുത്തണം. നഗരങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്ന സ്രോതസ്സുകൾ, ടാങ്കറുകൾ എന്നിവയുടെ ശുചിത്വം ഉറപ്പുവരുത്തണം. ജില്ലയിലെ സർക്കാർ ഓഫീസുകളുടെ പരിസര ശുചീകരണം നടത്താനും മന്ത്രി നിർദേശിച്ചു. ആരോഗ്യ ജാഗ്രതയ്ക്ക് വിവിധ വകുപ്പുകളുടെ ഫലപ്രദമായ ഏകോപനം ഉണ്ടാവണം. സ്കൂളുകളിൽ ഹരിതകേരള മിഷനുമായി ബന്ധപ്പെട്ട് കുടിവെള്ള പരിശോധന ലാബുകൾ സജ്ജമാക്കണം മന്ത്രി പറഞ്ഞു.

യോഗത്തിൽ ജില്ലാ പഞ്ചായത്ത് ആരോഗ്യ സ്ഥിരം സമിതി ചെയർപേഴ്സൻ മഞ്ജുള അരുണൻ അധ്യക്ഷത വഹിച്ചു. ഡി.എം.ഒ (ആരോഗ്യം) ഡോ. കെ.ജെ. റീന റിപ്പോർട്ട് അവതരിപ്പിച്ചു. കില ഡയറക്ടർ ഡോ. ജോയ് ഇളമൺ, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ടി.വി. സതീശൻ, ഡെപ്യൂട്ടി ഡി.എം.ഒ ഡോ. ടി.കെ. അനൂപ്, വിവിധ വകുപ്പ് മേധാവികൾ എന്നിവർ സംസാരിച്ചു.

***ഫോട്ടോ അടിക്കുറിപ്പ്: ആരോഗ്യജാഗ്രത ജില്ലാ തല അവലോകന യോഗം കിലയിൽ മന്ത്രി ഏ സി മൊയ്തീൻ ഉദ്ഘാടനം ചെയ്യുന്നു***

# ‘ജീവനി’, കോൾ ബണ്ടുകളിൽ തെങ്ങ് കൃഷി പദ്ധതി ജില്ലാതല ഉദ്ഘാടനം നടത്തി

കൃഷി വകുപ്പ് നടപ്പിലാക്കുന്ന ‘ജീവനി’ നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം പദ്ധതിയുടേയും കോൾ ബണ്ടുകളിൽ തെങ്ങ് കൃഷി പദ്ധതിയുടേയും ജില്ലാതല ഉദ്ഘാടനം പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ അനിൽ അക്കര എം.എൽ.എ. നിർവഹിച്ചു.

കില ഡയറക്ടർ ജോയ് ഇളമൺ അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് ഐ എസ് ഒ പ്രഖ്യാപനവും അദ്ദേഹം നിർവഹിച്ചു.

പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് രജത ജൂബിലി ആഘോഷങ്ങളുടെ പ്രഖ്യാപനവും കർഷകരെ ആദരിക്കലും ചടങ്ങിൽ നടന്നു.

വിഷരഹിത പച്ചക്കറി കൃഷിയുടെ വ്യാപനം മുൻനിർത്തിയാണ് ജീവനി പദ്ധതി നടപ്പിലാക്കുന്നത്. ചടങ്ങിൽ ജനപ്രതിനിധികൾക്കും മാധ്യമ പ്രവർത്തകർക്കും പച്ചക്കറി തൈകൾ വിതരണം ചെയ്തു. കോൾ ബണ്ടുകളിൽ തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയിൽ പാടശേഖരങ്ങളിലെ ബണ്ടുകളിൽ തൊഴിലുറപ്പ് പദ്ധതിയുടെ തെങ്ങിൻതൈ നടും.

പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ രജത ജൂബിലി ആഘോഷങ്ങളുടെ പ്രഖ്യാപനത്തിന്റെ ഭാഗമായി 25 വർഷത്തെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരേയും അംഗങ്ങളേയും ചടങ്ങിൽ ആദരിച്ചു. സാംസ്കാരിക വകുപ്പ് ഫെല്ലോഷിപ്പ് പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പരിശീലനം നൽകിയ കലാരംഗത്തെ വിദ്യാർത്ഥികളുടെ അരങ്ങേറ്റവും ഉണ്ടായിരുന്നു.

ജൂബിലി വർഷത്തിൽ തോളൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നടപ്പിലാക്കുന്ന സംസ്ഥാനത്തെ മാതൃക ജനകീയ പദ്ധതിയായ ഡയാലിസിസ് യൂണിറ്റ്, സംസ്ഥാനത്തെ പ്രഥമ ബാലസൗഹൃദ ബ്ലോക്ക് പഞ്ചായത്ത് പദ്ധതി, അങ്കണവാടി കെട്ടിടങ്ങൾ, കുടിവെള്ള പദ്ധതികൾ, സൗരോർജ്ജ പദ്ധതികൾ തുടങ്ങി 111 പദ്ധതികളാണ് നടപ്പിലാക്കുന്നത്.

പ്രിൻസിപ്പൽ കൃഷി ഓഫീസർ കെ. രാധാകൃഷ്ണൻ കൃഷി വകുപ്പിന്റെ പദ്ധതികൾ വിശദീകരിച്ചു. പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി.വി. കുര്യാക്കോസ്, വൈസ് പ്രസിഡന്റ് ഷീബ ഗിരീഷ്, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരായ ടി. ആർ. ജയചന്ദ്രൻ (അടാട്ട്), വിജയ ബാബുരാജ് (അവണൂർ), പി.ജി. ഉണ്ണികൃഷ്ണൻ (കോലഴി), രാധ രവീന്ദ്രൻ (തോളൂർ), കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യ ചെയർമാൻ ഫാ. ഡേവീസ് ചിറമ്മൽ, ശ്രീരാമകൃഷ്ണ മഠം പ്രസിഡന്റ് സദ്ഭവാനന്ദ സ്വാമികൾ, ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: ‘ജീവനി’ പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ അനിൽ അക്കര എം.എൽ.എ. നിർവഹിക്കുന്നു***

## കുടിവെള്ള ക്ഷാമത്തിന് അറുതി :
## പൂമംഗലം സമ്പൂർണ്ണ കുടിവെള്ള പദ്ധതി
## മാർച്ച് ഒന്നിന് നാടിന് സമർപ്പിക്കും

പൂമംഗലം പഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് അറുതി. പഞ്ചായത്തിലെ സ്വപ്ന പദ്ധതിയായ പൂമംഗലം സമ്പൂർണ കുടിവെള്ള പദ്ധതി യാഥാർഥ്യമാക്കി നാടിന് സമർപ്പിക്കുകയാണ് പഞ്ചായത്ത്. മാർച്ച് ഒന്നിന് രാവിലെ പത്തിന് സംസ്ഥാന ജലവിഭവ വകുപ്പ് മന്ത്രി കെ കൃഷ്ണൻകുട്ടി പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിക്കും. നബാർഡിന്റെ സഹായത്തോടെ നാല് ഗ്രാമപഞ്ചായത്തുകൾക്ക് പ്രയോജനകരമായ രീതിയിൽ നടപ്പാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ ഭാഗമായാണ് പൂമംഗലത്ത് പദ്ധതി വിഭാവനം ചെയ്തത്. കാട്ടൂർ, പടിയൂർ, കാറളം എന്നിവയാണ് മറ്റ് പഞ്ചായത്തുകൾ.

2012 ലാണ് 40 കോടി ചെലവിൽ സമ്പൂർണ കുടിവെള്ള പദ്ധതി ആരംഭിച്ചത്. നബാർഡ് പദ്ധതിയുടെ ഭരണാനുമതി അടങ്കൽ തുക 27.9 കോടിയും കേന്ദ്ര സഹായത്തോടെയുള്ള പദ്ധതിയുടെ ഭരണാനുമതി അടങ്കൽ തുക 10.9 കോടിയുമാണ്. 2014ൽ കാട്ടൂർ പഞ്ചായത്തിലാണ് ആദ്യമായി കുടിവെള്ള വിതരണം ആരംഭിച്ചത്. 2018ൽ കാറളം, പടിയൂർ പഞ്ചായത്തുകളിലും 2019ൽ പടിയൂർ പഞ്ചായത്തിലും കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കി പദ്ധതി കമ്മീഷൻ ചെയ്തു. 1582 കണക്ഷനുകളാണ് നിലവിലുള്ളത്. നാല് പഞ്ചായത്തുകളിലായി പദ്ധതി പൂർത്തീകരിക്കുമ്പോൾ 272 കിലോമീറ്ററോളം ദൈർഘ്യമുള്ള വിതരണ ശൃംഖല വഴി 1,30,885 പേർക്കാണ് ഈ പദ്ധതി ഗുണകരമാവുക. നാല് പഞ്ചായത്തുകളിലായി പ്രതിദിനം ആളോഹരി 70 ലിറ്റർ വീതം, 91 ലക്ഷം ലിറ്റർ വെള്ളം വിതരണം ചെയ്യാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. പദ്ധതിയുടെ ഭാഗമായി പൂമംഗലം കൽപ്പറമ്പ് കോളനിയിൽ സ്ഥാപിച്ചിരിക്കുന്ന 5.4 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർടാങ്ക് നിന്നുള്ള പമ്പിംഗ് ലൈനിലൂടെ വെള്ളം പമ്പ് ചെയ്ത് ട്രയൽ റൺ നടത്തിയിരുന്നു. ശേഷം ഡിസ്ട്രിബ്യൂഷൻ പൈപ്പിലൂടെയും എല്ലായിടത്തും വെള്ളം എത്തിച്ച് പരിശോധനയും പൂർത്തിയാക്കി. ലൈനിലെ ചോർച്ചകൾ അടയ്ക്കുന്നതിനുള്ള പ്രവർത്തികളും പൂർത്തിയാക്കി. ഉദ്ഘാടനത്തോടനുബന്ധിച്ച് പഞ്ചായത്ത് പ്രസിഡന്റ് വർഷ രാജേഷിന്റെ അധ്യക്ഷതയിൽ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ സംഘാടക സമിതി യോഗവും ചേർന്നു.

## അജിതാ ജയരാജൻ കോർപറേഷൻ മേയർ

തൃശൂർ കോർപറേഷൻ പുതിയ മേയറായി അജിതാ ജയരാജൻ (സി പി എം) ചുമതലയേറ്റു. കോർപ്പറേഷൻ 39 ആം ഡിവിഷനിലെ കൗൺസിലർ കൂടിയായ ഇവരെ തെരഞ്ഞെടുത്തതായി വരണാധികാരി കൂടെയായ ജില്ലാ കളക്ടർ എസ് ഷാനവാസ് പ്രഖ്യാപിച്ചു. മേയറായിരുന്ന അജിതാ വിജയൻ എൽ ഡി എഫിലെ ധാരണ പ്രകാരം സ്ഥാനം ഒഴിഞ്ഞതിനെ തുടർന്നാണ് തെരഞ്ഞെടുപ്പ് നടന്നത്. യു ഡി എഫ് സ്ഥാനാർത്ഥി പ്രസീജ ഗോപകുമാറിനെയാണ് അജിതാ ജയരാജൻ പരാജയപ്പെടുത്തിയത്. 49 വോട്ടുകൾ രേഖപ്പെടുതിയതിൽ 26 വോട്ടുകളാണ് അജിത ജയരാജന് ലഭിച്ചത്. 20 വോട്ടുകളാണ് എതിർ സ്ഥാനാർഥിക്ക് ലഭിച്ചത്. 3 വോട്ടുകൾ അസാധുവായി. 2015ൽ നിലവിലെ ഭരണ സമിതി അധികാരമേൽക്കുമ്പോൾ അജിതാ ജയരാജനായിരുന്നു മേയർ. സ്ഥാനമേറ്റ മേയറെ ഗവ ചീഫ് വിപ്പ് അഡ്വ കെ രാജൻ നേരിട്ടെത്തി പൊന്നാട അണിയിച്ച് ആശംസകൾ അർപ്പിച്ചു. മുൻ മേയർ ഔദ്യോഗിക വസ്ത്രം അണിയിച്ചു. ഡെപ്യൂട്ടി മേയർ റാഫി ജോസ്, ഡി പി സി മെമ്പർ വർഗീസ് കണ്ടംകുളത്തി, വിവിധ കൗൺസിലർമാർ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, ചെയർമാൻമാർ, പാർട്ടി പ്രവർത്തകർ തുടങ്ങിയവർ പൂച്ചെണ്ടുകൾ നൽകി അനുമോദിച്ചു. ജില്ലാ കളക്ടർ എസ് ഷാനവാസ്, തെരഞ്ഞെടുപ്പ് ഡെപ്യൂട്ടി കളക്ടർ എൻ കെ കൃപ, കോർപ്പറേഷൻ സെക്രട്ടറി പി രാധാകൃഷ്ണൻ, ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ തെരഞ്ഞെടുപ്പിന് നേതൃത്വം നൽകി.

## തൊഴിലാളി ക്ഷേമനിധി
## അർദ്ധ വാർഷിക അംശദായ തുക വർദ്ധിപ്പിച്ചു

കേരള തൊഴിലാളി ക്ഷേമനിധി അർദ്ധ വാർഷിക അംശദായ തുക വർദ്ധിപ്പിച്ചതായി തൃശ്ശൂർ ലേബർ വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ അറിയിച്ചു. നിലവിലെ അംശദായ തുക 12 രൂപയിൽ

നിന്നും ഒരാൾക്ക് പ്രതിമാസം 7.50 രൂപ എന്ന നിരക്കിൽ 90 രൂപ അർദ്ധ വാർഷിക വിഹിതവും 180 രൂപ  വാർഷിക വിഹിതവുമായാണ് ഉയർത്തിയത്. ഇനി മുതൽ ഈനിരക്കിലാവും അംശാദയം സ്വീകരിക്കുക.

## കരൂപ്പടന്ന സ്കൂൾ  കെട്ടിട സമുച്ചയം ഉദ്ഘാടനം ഞായറാഴ്ച

അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരുന്ന കരൂപ്പടന്ന ഗവ.ഹയർ സെക്കന്ററി സ്കൂളിൽ പുതിയ കെട്ടിട സമുച്ചയം ഉദ്ഘാടനം 23ന്. രാവിലെ 10 ന് വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ.സി.രവീന്ദ്രനാഥ് കെട്ടിടോദ്ഘാടനം നിർവ്വഹിക്കും.

കേരള സർക്കാരിന്റെ നവകേരള മിഷന്റെ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിൽ നിന്ന് അന്താരാഷ്ട്ര നിലവാരത്തിലേക്ക് കരൂപ്പടന്ന ഗവ.ഹയർ സെക്കന്ററി സ്കൂളിനെയാണ് സ്ഥലം എം.എൽ.എ വി.ആർ.സുനിൽ കുമാർ തിരഞ്ഞെടുത്തത്. ഇതിന്റെ ഭാഗമായാണ് പുതിയ കെട്ടിടം പണിത്തുയർത്തിയത്. അഞ്ച് കോടി രൂപയാണ് നിർമ്മാണത്തുക.

സ്കൂൾ അങ്കണത്തിൽ നടക്കുന്ന ചടങ്ങിൽ അഡ്വ വി ആർ സുനിൽകുമാർ എംഎൽഎ അധ്യക്ഷത വഹിക്കും. ഗവ.ചീഫ് വിപ്പ് കെ.രാജൻ, ബെന്നി ബെഹനാൻ എം.പി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ്, ജില്ലാ കളക്ടർ എസ്. ഷാനവാസ്, വെള്ളാങ്ങല്ലൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പ്രസന്ന അനിൽ കുമാർ, പ്രിൻസിപ്പൽ ഇൻ ചാർജ് ടി.വി. മിനി, വിവിധ ജനപ്രതിനിധികൾ എന്നിവർ പങ്കെടുക്കും. വിരമിക്കുന്ന അധ്യാപകരായ കെ.കെ.സഫിയ, എ.പി. ബീന, ഓഫീസ് ക്ലർക്ക് പി.എ. നസീം എന്നിവർക്ക് ചടങ്ങിൽ യാത്രയയപ്പും ഉപഹാരവും സമർപ്പിക്കും.

## മന്നലാംകുന്ന് ഗവ. ഫിഷറീസ് സ്കൂളിൽ ''മിന്നാമിന്നിക്കൂട്ടം''പഞ്ചായത്ത് തല ഉദ്ഘാടനം നടന്നു

''മിന്നാമിന്നിക്കൂട്ടം'' പഞ്ചായത്ത് തല പഠനോത്സവം മന്നലാംകുന്ന് ഗവ: ഫിഷറീസ് യു പി സ്കൂളിൽ നടന്നു. പഠനത്തിനൊപ്പം വിദ്യാർത്ഥികളുടെ പാഠ്യേതര പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക എന്നതാണ് മിന്നാമിന്നിക്കൂട്ടം ലക്ഷ്യം വെക്കുന്നത്. പുന്നയൂർ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഐ. പി. രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. തുടർന്ന് വിദ്യാർത്ഥികളുടെ പഠന പഠനേതര പ്രവർത്തനങ്ങളുടെ അവതരണം നടത്തി. അധ്യാപകരായ എം. കെ സലീം, ഫെബി, എ. ആസ്യ, പി. കെ ആശ, ജിജി ആന്റണി എന്നിവരുടെ നേതൃത്വത്തിലാണ് പഠനോത്സവം നടന്നത്.

വിദ്യാഭ്യാസ ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൻ എം. കെ ഷഹർബാൻ അധ്യക്ഷത വഹിച്ചു. ബി.ആർ.സി. കോർഡിനേറ്റർ സി. ഐ മീന പദ്ധതി വിശദീകരിച്ചു. പഞ്ചായത്തംഗം അഷ്റഫ് മുത്തേടത്ത്, പി.ടി.എ.അംഗങ്ങളായ പി. കെ സൈനുദ്ധീൻ ഫലാഹി, എം. വി ഷെരീഫ്, എസ്.എം.സി അംഗം അസീസ് മന്ദലാംകുന്ന്, ഇ. പി ഷിബു എന്നിവർ സംസാരിച്ചു. സ്കൂൾ പ്രധാന അധ്യാപിക പി. ടി ശാന്ത സ്വാഗതവും തോമസ് മാസ്റ്റർ നന്ദിയും പറഞ്ഞു.

***ഫോട്ടോ അടിക്കുറിപ്പ്: ''മിന്നാമിന്നിക്കൂട്ടം'' പഞ്ചായത്ത് തല പഠനോത്സവം മന്നലാംകുന്ന് ഗവ: ഫിഷറീസ് യു പി സ്കൂളിൽ പുന്നയൂർ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഐ. പി. രാജേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു***

## ഭക്ഷ്യയോഗ്യമല്ലാത്ത എണ്ണ ബയോ ഡീസലാക്കാം

ഹോട്ടൽ, ബേക്കറി എന്നിവിടങ്ങളിലും മറ്റും ഉപയോഗിക്കുന്ന എണ്ണകൾ ഒന്നിൽ കൂടുതൽ തവണ ഉപയോഗിക്കുന്നത് ഹാനികരമാണ്. ഇത് എഫ്. എസ്. എസ്. എ. ഐ. നിയമപ്രകാരം ആറ് മാസം വരെ ജയിൽ ശിക്ഷ ലഭിക്കുന്ന കുറ്റവുമാണ്. ഇതിന് ഒരു ശാശ്വത പരിഹാരം കൊണ്ടുവന്നിരിക്കുകയാണ് എഫ്. എസ്. എസ്. എ. ഐ.

ആർ യു സി ഒ(റീപർപ്പസ് യൂസ്ഡ് കുക്കിംഗ് ഓയിൽ)എന്ന പദ്ധതിയിലൂടെ ഉപയോഗശൂന്യമായ എണ്ണ ബയോ ഡീസലാക്കി മാറ്റാം. എല്ലാ സ്ഥാപനങ്ങളും അവർ ഉപയോഗിച്ചുവരുന്ന എണ്ണയുടെ വിവരങ്ങൾ എം. ജി. റോഡിലുള്ള ഭക്ഷ്യസുരക്ഷാ ജില്ലാ ഓഫീസിൽ നൽകി രജിസ്റ്റർ ചെയ്യണമെന്ന് ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മിഷണർ അറിയിച്ചു.

# ധനസഹായവും ചികിത്സാ ധനസഹായവും അനുവദിച്ചു: മന്ത്രി എ സി മൊയ്തീൻ

തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ മുഖാന്തിരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ ചികിത്സ ധനസഹായ നിധിയിൽ നിന്നും ധനസഹായത്തിന് അപേക്ഷിച്ച 74 പേർക്ക് തുക അനുവദിച്ചു. കുന്നംകുളം നിയോജക മണ്ഡലത്തിലും താലൂക്കിലുമായി 30.27 ലക്ഷം (മുപ്പത് ലക്ഷത്തി ഇരുപത്തി ഏഴായിരം) രൂപയാണ് അനുവദിച്ചത്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 68 പേർക്ക് 28.72 ലക്ഷം രൂപയാണ് ചികിത്സ ധനസഹായമായി അനുവദിച്ചത്. ഈ സംഖ്യ ധനകാര്യവകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ അക്കൗണ്ടിൽ നിന്നും ഓരോ അപേക്ഷകന്റെയും അക്കൗണ്ടിലേക്ക് വരവ് വയ്ക്കുന്നതാണ്. പട്ടികജാതി പട്ടികവർഗ്ഗക്ഷേമ വകുപ്പ് മന്ത്രിയുടെ ചികിത്സ ധനസഹായ നിധിയിൽ നിന്നും 6 പേർക്ക് 1.55 ലക്ഷം രൂപയാണ് അനുവദിച്ചത്. ഈ തുക അതാത് അപേക്ഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ബ്ലോക്ക് പട്ടികജാതി പട്ടികവർഗ്ഗ വികസന ഓഫീസർ മുഖാന്തിരം വരവ് വയ്ക്കുന്നതാണെന്നും തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ ഓഫീസ് അറിയിച്ചു.

# ലേലം

രാമവർമ്മപുരം കേരള പോലീസ് അക്കാദമി ലൈൻ ക്വാർട്ടർ 96 ന് പുറകു വശത്തു നിൽക്കുന്ന ഇലവ് മരം മാർച്ച് 12 രാവിലെ 11 ന് അക്കാദമി പരിസരത്ത് ലേലം ചെയ്യും. ഫോൺ: 0487 2328770.

# ദർഘാസുകൾ ക്ഷണിച്ചു

സോഷ്യൽ ഫോറസ്ട്രി ഡിവിഷന് കീഴിലെ ചാലക്കുടി, തൃശൂർ, സോഷ്യൽ ഫോറസ്ട്രി റെയിഞ്ചുകളിലെ വിവിധ നഴ്സറികളിൽ ഹരിത കേരളം പദ്ധതി പ്രകാരം 2019 - 20, 2020-21 വർഷത്തേക്ക് 5000 കൊയർ റൂട്ട് ട്രെയിനർ തൈകൾ ഉല്പ്പാദിപ്പിക്കുന്നതായി ദർഘാസുകൾ ക്ഷണിച്ചു.

ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 24. ഏതെങ്കിലും കാരണങ്ങളാൽ ദർഘാസ് നടക്കാതെ വന്നാൽ ഈ മാസം 27 ന് ദർഘാസ് സ്വീകരിക്കും. ഫോൺ നമ്പർ 0487 2320609, 9447979144.

# ടെണ്ടർ

എറണാകുളം ജനറൽ ആശുപത്രിയിലെ ഒ പി ബ്ലോക്ക്, പുതിയ ബ്ലോക്ക്, കൊബോൾട്ട് റൂം ഉൾപ്പെടെ ലിനാക്ക് ബ്ലോക്ക് എന്നിവയുടെ ക്ലീനിംഗ് ജോലികൾ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 25 വൈകീട്ട് നാല് മണി. ഫോൺ: 0484-2386000.

# ജെആർഎഫ് ഒഴിവ്

പീച്ചി കേരള വനഗവേഷണ സ്ഥാപനത്തിൽ ജൂനിയർ റിസർച്ച് ഫെല്ലോ തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നു. ബോട്ടണി അല്ലെങ്കിൽ പ്ലാന്റ് സയൻസിൽ എംഎസ്സിയും നെറ്റുമാണ് യോഗ്യത.  പ്രായം 2020 ജനുവരി ഒന്നിന് 36 വയസ്സ് കവിയരുത്. പിന്നോക്ക വിഭാഗ ക്കാർക്ക് നിയമാനുസൃത ഇളവ് ലഭിക്കും. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റ് സഹിതം മാർച്ച് അഞ്ച് രാവിലെ പത്തിന് പീച്ചി ഓഫീസിൽ അഭിമുഖത്തിന് എത്തണം. ഫോൺ: 0487-2690100.

# രേഖകൾ നൽകണം

കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി തൊഴിലാളികൾ അവരുടെ ആധാർകാർഡ്, റേഷൻകാർഡ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ്, ബാങ്ക് അക്കൗണ്ട്, ഫോൺ, വാർഡ്, വീട്ട് നമ്പർ എന്നിവ രേഖകളുടെ വിവരങ്ങൾ നൽകാത്തവർ മാർച്ച് 31 നകം നൽകണമെന്ന് റീജ്യണൽ ഓഫീസർ അറിയിച്ചു. ഫോൺ: 0484-2441945.

# ഓരോ കുഞ്ഞിനും ഒരു കുടുംബം : ദത്തെടുക്കൽ പ്രോത്സാഹിപ്പിക്കാൻ പദ്ധതി

സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ കുട്ടികളെ ദത്തെടുക്കുന്നതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന നോഡൽ ഏജൻസി സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി (CARA) യുമായി സഹകരിച്ച നടപ്പാക്കുന്ന പദ്ധതിയാണ് 'ഓരോ കുഞ്ഞിനും ഒരു കുടുംബം'. ജന്മം നൽകിയവരിൽ നിന്ന് കുഞ്ഞിനെ സ്ഥിരമായി വേർപ്പെടുത്തുകയും ഏറ്റെടുക്കുന്ന രക്ഷിതാക്കൾക്ക് കുഞ്ഞിന്റെ നിയമപരമായ എല്ലാ അവകാശങ്ങളും നൽകുകയുമാണ് സംയോജിത ശിശുസംരക്ഷണ പദ്ധതിയുടെ ലക്ഷ്യം.

അനാഥരും മാതാപിതാക്കളാൽ ഉപേക്ഷിക്കപ്പെട്ടവരും ഏൽപ്പിച്ചുകൊടുക്കപ്പെട്ടവരുമായ കുഞ്ഞുങ്ങളെയാണ് ഭാരതസർക്കാരിന്റെ സാറ മാർഗ്ഗനിർദ്ദേശപ്രകാരം ദത്തെടുക്കാവുന്നത്. വിവാഹപദവി കണക്കിലെടുക്കാതെ ഏതൊരു വ്യക്തിക്കും കുഞ്ഞുങ്ങളില്ലാത്ത മാതാപിതാക്കൾക്കും ദത്തെടുക്കാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ www.cara.nic.in ൽ ലഭ്യമാണ്.

ദത്തെടുക്കൽ സന്നദ്ധരായ മാതാപിതാക്കൾ www.cara.nic.in ൽ രജിസ്റ്റർ ചെയ്യണം. പിന്നീടുള്ള നടപടികൾക്കായി രജിസ്ട്രേഷൻ സ്ലിപ്പ് പ്രിന്റ് എടുത്ത് സൂക്ഷിക്കണം. രജിസ്റ്റർ ചെയ്ത് 30 ദിവസത്തിനകം ആവശ്യമായ രേഖകൾ സൈറ്റിലേക്ക് അപ്ലോഡ് ചെയ്യണം. ശേഷം ദമ്പതികൾ രജിസ്റ്റർ സ്ലിപ്പുമായി ഒരു അംഗീകൃത ദത്തെടുക്കൽ കേന്ദ്രത്തിനെ സമീപിക്കണം. ഐഡന്റിറ്റി തെളിയിക്കുന്നതിനുള്ള രേഖ, ഇന്ത്യയിൽ 365 ദിവസത്തിലധികം താമസിച്ചിട്ടുണ്ടെന്നേ സൂചിപ്പിച്ചുകൊണ്ടുള്ള വിലാസം തെളിയിക്കുന്ന രേഖ, വിവാഹ സർട്ടിഫിക്കറ്റ്, ഫാമിലി ഫോട്ടോ എന്നിങ്ങനെയുള്ള 12 ആവശ്യമായ രേഖകൾ സമർപ്പിക്കണം.

ജില്ലയിലെ തെരഞ്ഞെടുത്ത ദത്തെടുക്കൽ ഏജൻസികൾ ഇവയാണ് : ഹോളി ഏയ്ഞ്ചൽസ് ഫൗണ്ട്ലിംഗ് ഹോം, പുല്ലഴി, സായി നികേതൻ, മുളങ്കുന്നത്തുകാവ്, ക്വീൻ മേരി ഫൗണ്ട്ലിംഗ് ഹോം, തൈക്കാട്ടുശ്ശേരി. കൂടുതൽ വിവരങ്ങൾക്ക് : 0484 2540727, 2555564, ഇ - മെയിൽ : keralasara@gmail.com

# കുടിശ്ശിക അടയ്ക്കാം

കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 60 വയസ്സ് തികയാത്ത മൂന്ന് വർഷത്തിന് മുകളിൽ ക്ഷേമനിധി വിഹിതം കുടിശ്ശിക വരുത്തിയ തൊഴിലാളികളുടെ മാർച്ച് 31 നകം കുടിശ്ശിക അടയ്ക്കാൻ അവസരം. അപേക്ഷയും കയർ തൊഴിലാളിയാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റുമായി വടക്കൻ പറവൂർ ഓഫീസിൽ ഹാജരായി കുടിശ്ശിക അടയ്ക്കാമെന്ന് റീജ്യണൽ ഓഫീസർ അറിയിച്ചു. ഫോൺ: 0484-2441945.

# അങ്കണവാടി കെട്ടിടം നിർമ്മാണമാരംഭിച്ചു

തെക്കൻ പാലയൂരിൽ ആധുനിക സജ്ജീകരണങ്ങളോടെയുള്ള അങ്കണവാടി കെട്ടിടം നിർമ്മാണമാരംഭിച്ചു. ചാവക്കാട് നഗരസഭ 14-ാം വാർഡിൽ തെക്കൻ പാലയൂരിൽ അങ്കണവാടിയില്ലാത്തത് പ്രദേശവാസികളെ ബുദ്ധിമുട്ടിച്ചിരുന്നു. ഇവരുടെ കുടുംബങ്ങളിലെ കുട്ടികൾക്ക് അങ്കണവാടിയിൽ പോകാൻ മറ്റ് വാർഡുകളെ സമീപിക്കേണ്ടിയും വന്നിരുന്നു. എന്നാൽ 14 ലക്ഷം ചെലവിട്ട് ആധുനിക രീതിയിലുള്ള അങ്കണവാടി കെട്ടിടം നിർമിക്കാൻ നഗരസഭ മുന്നിട്ടിറങ്ങിയതോടെ ഈ ബുദ്ധിമുട്ടിന് അറുതിയാവുകയാണ്.

കെട്ടിടത്തിന്റെ ശിലാസ്ഥാപന കർമ്മം ഇന്നലെ (ഫെബ്രുവരി 20ന്) നഗരസഭാ അധ്യക്ഷൻ എൻ. കെ അക്ബർ നിർവ്വഹിച്ചു. അങ്കണവാടി നിർമ്മിക്കുന്നതിന് സ്ഥലമില്ലാത്തതിനാൽ

ജനകീയാസൂത്രണ പദ്ധതി പ്രകാരം 4.5 ലക്ഷം ചെലവഴിച്ച് 3 സെന്റ് സ്ഥലം വാങ്ങിയാണ് അങ്കണവാടി നിർമ്മിക്കുന്നത്. അങ്കണവാടിയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതോടെ പ്രദേശവാസികളുടെ ദീർഘകാലത്തെ സ്വപ്നമാണ് സാക്ഷാത്ക്കരിക്കപ്പെടുന്നത്.

നഗരസഭാ വൈസ് ചെയർപേഴ്സൺ മഞ്ജുഷ സുരേഷ് അധ്യക്ഷത വഹിച്ചു. ചടങ്ങിൽ വാർഡ് കൗൺസിലർ പി. വി. പീറ്റർ, വിവിധ സ്ഥിരം സമിതി അധ്യക്ഷൻമാർ, നഗരസഭാ സെക്രട്ടറി, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: തെക്കൻ പാലയൂരിൽ ആധുനിക സജ്ജീകരണങ്ങളോടെയുള്ള അങ്കണവാടി കെട്ടിടത്തിന്റെ ശിലാസ്ഥാപനം നഗരസഭാ അധ്യക്ഷൻ എൻ. കെ അക്ബർ നിർവഹിക്കുന്നു***

## നികുതി ദായകരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

ചാവക്കാട് നഗരസഭയിൽ കൊടുക്കേണ്ട വസ്തു നികുതി, തൊഴിൽ നികുതി എന്നിവ എത്രയും വേഗം അടക്കേണ്ടതാണ്. അവ സ്വീകരിക്കുന്നതിന് മാർച്ച് ഒന്ന് മുതൽ എല്ലാ അവധി ദിവസങ്ങളിലും നഗരസഭ ഓഫീസ് തുറന്ന് പ്രവർത്തിക്കും. പിഴ അടക്കേണ്ടവർ മാർച്ച് 31 വരെ പലിശയില്ലാതെ വസ്തു നികുതി ഒറ്റത്തവണ അടക്കാം.

## ത്രിദിന നേതൃത്വക്യാമ്പ്

നെഹ്റു യുവകേന്ദ്രയുടെ ത്രിദിന യുവജന നേതൃത്വക്യാമ്പ് മാർച്ച് ആറ്, ഏഴ്, എട്ട് തീയതികളിൽ ചിമ്മിനി ഡാമിൽ വനം വകുപ്പ് പരിശീലന കേന്ദ്രത്തിൽ സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന 15 നും 29 നും പ്രായപരിധിയിൽപ്പെട്ടവർ ഫെബ്രുവരി 27 നകം പേര് രജിസ്റ്റർ ചെയ്യണം. ഫോൺ: 0487 2360355, 8078717580, 8921451553.

## പൂരം പ്രദർശന സ്റ്റാളിന് കാൽനാട്ടി

2020ലെ പൂരം പ്രദർശന സ്റ്റാളിന്റെ കാൽ നാട്ടുകർമ്മം തേക്കിൻകാട് പ്രദർശന ഗ്രൗണ്ടിൽ കൃഷി വകുപ്പ് മന്ത്രി അഡ്വ വി എസ് സുനിൽകുമാർ നിർവ്വഹിച്ചു. 2020 ഏപ്രിൽ ഒന്ന് മുതൽ മെയ് 25 വരെയാണ് തൃശൂർ പൂരം പ്രദർശനം നടക്കുക. ഇതിനു മുന്നോടിയായാണ് കാൽ നാട്ട് കർമ്മം നടത്തിയത്. എല്ലാ വർഷവും തൃശൂർ പൂരത്തിനോട് അനുബന്ധിച്ചാണ് പൂര നഗരിയിൽ പ്രദർശന സ്റ്റാളുകൾ ഒരുക്കുക. മെയ് രണ്ടിനാണ് ഈ വർഷത്തെ തൃശൂർ പൂരം. വിവിധ ദേവസ്വം, പ്രദർശന കമ്മിറ്റി ഭാരവാഹികൾ ഭദ്ര ദീപം കൊളുത്തി അനുമതി നൽകിയ ശേഷമാണ് കാൽനാട്ട് കർമം നടന്നത്.

പ്രദർശനനഗരിയുടെ ഭൂമിപൂജ പാറമേക്കാവ് ക്ഷേത്രം മേൽക്കാവ് മേൽശാന്തി കാരേക്കാട് രാമൻ നമ്പൂതിരി നിർവഹിച്ചു. മേയർ അജിതാ ജയരാജൻ, ഡെപ്യൂട്ടി മേയർ റാഫി ജോസ് പി, മുൻ മേയർ അജിത വിജയൻ, പാറമേക്കാവ് - തിരുവമ്പാടി പ്രദർശന കമ്മിറ്റി ഭാരവാഹികളായ കെ സതീഷ് മേനോൻ, ഡോ എം ബാലഗോപാൽ, പ്രൊഫ എം മാധവൻ കുട്ടി, കോർപറേഷൻ കൗൺസിലർമാരായ എം എസ് സമ്പൂർണ, കെ മഹേഷ്, ഐ ലളിതാംബിക, ബി ഗീത, ജൂബിലി മിഷൻ ഡയറക്ടർ ഫാദർ ഫ്രാൻസിസ് പള്ളിക്കുന്നത്, ബി ജെ പി ജില്ലാ പ്രസിഡന്റ് കെ കെ അനീഷ് കുമാർ തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: 2020ലെ പൂരം പ്രദർശന സ്റ്റാളിന്റെ കാൽ നാട്ടുകർമ്മം തേക്കിൻകാട് പ്രദർശന ഗ്രൗണ്ടിൽ കൃഷി വകുപ്പ് മന്ത്രി അഡ്വ വി എസ് സുനിൽകുമാർ നിർവ്വഹിക്കുന്നു***

## കനാൽ ഉപദേശക സമിതി യോഗം 25 ന്

പീച്ചി ഡാമിന്റെ കനാലുകൾ തുറക്കുന്നതിനായുള്ള ഉപദേശക സമിതി യോഗം ഫെബ്രുവരി 25 രാവിലെ 11.30 ന് ജില്ലാ കളക്ടറുടെ ചേമ്പറിൽ ചേരും.

## കാട്ടുതീ; യോഗം 25 ന്

തൃശൂർ ജില്ലയിലെ വനമേഖലയിൽ കാട്ടുതീ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായുള്ള യോഗം ഫെബ്രുവരി 25 രാവിലെ 11 ന് ജില്ലാ കളക്ടറുടെ ചേമ്പറിൽ ചേരും.

## ക്വട്ടേഷൻ

വടക്കാഞ്ചേരി ഐസിഡിഎസ് കാര്യാലയത്തിൻ കീഴിൽ പ്രവർത്തിക്കുന്ന 175 അങ്കണവാടികളിലേക്ക് കണ്ടിജൻസി സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് അഞ്ച് ഉച്ചയ്ക്ക് 12 മണി. ഫോൺ: 04884 232424.

# തുടരും